**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4570** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജ്വാല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ആൾക്കൂട്ട ആക്രമണങ്ങൾക്കിരയാകുമ്പോൾ നിയമ സഹായവും പരിരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ആക്രമണങ്ങൾക്ക് ഇരയാകുമ്പോൾ അടിയന്തിര നിയമ സഹായത്തിനായി പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിയ്ക്കുന്ന 'ജ്വാല' നിയമസഹായ സെല്ലുമായി ബന്ധപ്പെടാവുന്നതാണ്. അതിന്റെ ഭാഗമായി തിരുവനന്തപുരം വെള്ളയമ്പലത്ത് അയ്യങ്കാളി ഭവനിൽ കാൾ സെന്റർ ആരംഭിയ്ക്കുകയും ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിൽ നിയമിതരായിട്ടുള്ള ലീഗൽ കൗൺസിലർമാരുടെ സേവനവും തേടാവുന്നതാണ്.<br>അതിക്രമങ്ങൾക്കിരയാകുന്നവരുടെ പരിരക്ഷയും പുനരധിവാസവും സാധ്യമാക്കുന്നതിനായി അതിക്രമം തടയൽ നിയമപ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ വകുപ്പ് മുഖേന അനുവദിച്ചു വരുന്നു. ഇത്തരം കേസുകൾ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയും പുനരധിവാസം ആവശ്യമാണെന്ന് ഉറപ്പുവരുത്തു കയും ചെയ്യുന്ന പക്ഷം ഭൂമി, വീട്, സർക്കാർ ജോലി തുടങ്ങിയ പുനരധിവാസ മാർഗ്ഗങ്ങളിൽ ആവശ്യമായവ അനുവദിച്ചുവരുന്നു.<br><br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽ നിന്നും തടയുക എന്ന ലക്ഷ്യത്തോടെ വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും വിവിധ സാമൂഹിക സാമ്പത്തിക ഉന്നമന പദ്ധതികളും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിലെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ഇത്തരം ആക്രമണങ്ങളിലെ ഇരകൾക്ക് കോടതികളിൽ നിന്ന് നീതി ഉറപ്പാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവ അഭിഭാഷകർക്ക് പരിശീലനം നൽകുന്നതിനായി ജ്വാല പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഇത്തരം ആക്രമണങ്ങളിലെ ഇരകൾക്ക് കോടതികളിൽ നിന്ന് നീതി ഉറപ്പാക്കുന്നതിനായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട യുവ അഭിഭാഷകർക്ക് പരിശീലനം നൽകുക എന്നത് ജ്വാല പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി ജ്വാല നിയമസഹായ സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ നിയമിതനായിട്ടുള്ള ലീഗൽ അഡ്വൈസർ, ജില്ലകളിൽ നിയമിതരായിട്ടുള്ള ലീഗൽ കൗൺസിലർ എന്നിവരെ ഇത്തരത്തിലുള്ള കേസുകളുടെ വിവരങ്ങൾ ശേഖരിയ്ക്കുന്നതിനും കോടതികളിൽ ടി കേസുകളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നിയമ സഹായം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ജ്വാല എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ലെങ്കിലും പട്ടികവർഗ്ഗക്കാരായ നിയമബിരുദധാരികൾക്ക് സീനിയർ അഡ്വക്കേറ്റ്സിന് കീഴിൽ ഇന്റേൺഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമ ബോധവൽകരണം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ജ്വാല നിയമ സഹായ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ ലോ കോളേജുകളുമായും ഇതര നിയമസഹായ സംവിധാനങ്ങളുമായും ബന്ധപ്പെട്ട് നിയമ ബോധവത്കരണ സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിയ്ക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് നിയമ ക്ലിനിക്കുകൾ നടത്തുന്നതിനുമുള്ള പദ്ധതികൾ വകുപ്പ് തലത്തിൽ ആവിഷ്കരിച്ച് വരുന്നു. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായിക്കുമോ; വിശദമാക്കാമോ? | (ഡി) | ജ്വാല നിയമ സഹായ സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റ് എന്നിവർക്കും ജില്ലാ തലത്തിൽ 14 ലീഗൽ കൗൺസിലർമാർക്കും കരാറടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് താൽക്കാലിക നിയമനം നൽകുന്നു. ലീഗൽ അഡ്വൈസർക്ക് 25,000/-രൂപയും, ലീഗൽ കൗൺസിലർമാർക്ക് 20,000/-രൂപയും, കാൾ സെന്റർ അസിസ്റ്റന്റിന് 18,000/-രൂപയും പ്രതിമാസ ഓണറേറിയമായി നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വിഭാഗത്തിലെ നിയമ |

| | | | |
|---|---|---|---|
| | | | ബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമാണ്.<br><br>കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് സീനിയർ അഡ്വക്കേറ്റ്സിന് കീഴിൽ ഇന്റേൺഷിപ്പ് നൽകുന്ന പദ്ധതി സഹായകരമാണ്. |

സെക്ഷൻ ഓഫീസർ